**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4430 — 17.05.2017- ൽ മറുപടിയ്ക്ക്

# വൃദ്ധമാതാപിതാക്കളെ വഴിയിൽ ഉപേക്ഷിക്കുന്നവർ

ചോദ്യം — മറുപടി

ശ്രീ.കെ.കുഞ്ഞിരാമൻ — ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കാതെ വഴിയിൽ ഉപേക്ഷിക്കുന്ന സംഭവങ്ങൾ വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വഴിയിൽ ഉപേക്ഷിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരക്കാർക്കെതിരെ എന്തൊക്കെ നടപടികളെടുക്കാനാണ് നിയമ വ്യവസ്ഥയിൽ വകുപ്പുകളുള്ളതെന്ന് വിശദമാക്കാമോ? | (ബി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച് കേന്ദ്രനിയമം 2007 സംസ്ഥാനത്ത് നടപ്പിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുംവിധം റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് മെയിന്റനൻസ് ട്രൈബ്യൂണലുകളും ജില്ലാ കളക്ടർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് അപ്പലേറ്റ് ട്രൈബ്യൂണലുകളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>പ്രസ്തുത നിയമത്തിലെ അദ്ധ്യായം VI വകുപ്പ് 24 പ്രകാരം മുതിർന്ന പൗരനെ പൂർണ്ണമായും ഉപേക്ഷിക്കണമെന്ന ഉദ്ദേശത്തോടെ ഏതെങ്കിലും സ്ഥലത്ത് ഉപേക്ഷിച്ചു പോകുന്ന, മുതിർന്ന പൗരന്റെ സംരക്ഷണമോ പരിരക്ഷയോ ഉള്ള ഏതൊരാളിനും മൂന്നുമാസംവരെ കാലയളവിലുള്ള തടവു ശിക്ഷയോ 5000/-രൂപ വരെ പിഴയോ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മക്കൾ ഉപേക്ഷിക്കുന്ന മാതാപിതാക്കൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) വഴി അന്വേഷണം നടത്തി സ്ഥാപനപരമായ സംരക്ഷണം ആവശ്യമുള്ളവരെ ഗവൺമെന്റ് വൃദ്ധസദനങ്ങളിലോ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധ സദനങ്ങളിലോ പാർപ്പിക്കാറുണ്ട്. മക്കളിൽ നിന്ന് ജീവനാംശം ആവശ്യമുള്ള മാതാപിതാക്കൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസർ (മെയിന്റനൻസ് ഓഫീസർമാർ) മുഖേന മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ കേസ് ഫയൽ ചെയ്യുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാറുണ്ട്. |

**സെക്ഷൻ ഓഫീസർ**